DESPATCHED
On..06/02/2020

13.1.20.



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
**E-mail: sic@kerala.-nic.-in**

## ഹർജി നമ്പർ A.P. No.938(6)/2018/*എസ്.ഐ.സി.*

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

*(ഫയൽ നം.4199/എസ്.ഐ.സി-ജി 5/2018)*

സന്നിഹിതൻ

**ശ്രീ. വിൻസൻ എം. പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ**

ശ്രീ. ശരത്ചന്ദ്രൻ എം.എസ്.
മണക്കാട്ടു പടി വീട്,
മേത്തല പി.ഒ.
കൊടുങ്ങല്ലൂർ, തൃശ്ശൂർ – 680 669

} അപ്പീൽ ഹർജിക്കാരൻ

1. പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
   വിദൂര വിദ്യാഭ്യാസം പരീക്ഷ വിഭാഗം,
   കാലിക്കറ്റ് സർവ്വകലാശാല,
   കാലിക്കറ്റ് യൂണിവേഴ്സിറ്റി പോസ്റ്റ് ,
   മലപ്പുറം– 673 635

2. അപ്പീൽ അധികാരി & കൺട്രോളർ ഓഫ് എക്സാമിനേഷൻ
   കാലിക്കറ്റ് സർവ്വകലാശാല,
   കാലിക്കറ്റ് യൂണിവേഴ്സിറ്റി പി.ഒ.,
   മലപ്പുറം– 673 635

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 09.11.2017 |
| മറുപടി ലഭ്യമാക്കിയ തീയതി | 22.11.2017, 30.01.2018 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 19.12.2017 |
| മറുപടി ലഭ്യമാക്കിയ തീയതി | 20.01.2018 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 19.04.2018 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 21.04.2018 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | |
| മേൽ പ്രസ്താവിച്ച പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | |
| ഹിയറിംഗ് തീയതി<br>സ്ഥലം | 09.01.2020 വീഡിയോ കോൺഫറൻസ് ഹാൾ,കളക്ടറേറ്റ്,മലപ്പുറം |
| ഹിയറിംഗിലെ സാന്നിധ്യം :അപ്പീൽ ഹർജിക്കാരൻ<br>: എസ്.പി.ഐ.ഒ | ഹാജരായില്ല<br>ഹാജരായി |

RIGHT TO INFORMATION

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. ശരത്ചന്ദ്രൻ എം.എസ്. കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ആവശ്യപ്പെട്ട ഉത്തരക്കടലാസിന്റെ പകർപ്പും മൂല്യ നിർണ്ണയത്തിന് അടിസ്ഥാനമായ ശരി ഉത്തര സൂചികയും ലഭ്യമാക്കാത്തതിനാൽ ടിയാൻ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും മേൽപ്പടി അപ്പീൽ ഉത്തരവിൽ പ്രസ്താവിച്ച നിശ്ചിത മാതൃകയിലുള്ള അപേക്ഷ നിശ്ചിത ഫീസ് അടച്ച് സർവ്വകലാശാല വിജ്ഞാപനം ചെയ്യുന്ന ദിവസത്തിനകം സമർപ്പിക്കുന്ന അപേക്ഷകർക്ക് ഉത്തര കടലാസുകളുടെ പകർപ്പ് നൽകുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ടെന്നും എന്നാൽ ഹർജിക്കാരൻ പ്രസ്തുത അവസരം വിനിയോഗിച്ചി ട്ടില്ലായെന്നും ആയതിനാൽ വിവരാവകാശ നിയമ പ്രകാരം ഒന്നാം എതിർകക്ഷിയുടെ മറുപടി തൃപ്തികരമാണെന്ന് പ്രസ്താവിച്ചുവെന്നും മേൽപ്പടി അപ്പീൽ തീർപ്പാക്കൽ ഉത്തരവ് നിയമാനുസൃതമല്ലെന്നും അപ്പീൽ തീർപ്പാക്കുന്ന അവസരത്തിൽ ടിയാനെ കൂടി കേൾക്കണമെന്ന് അപേക്ഷിച്ചിരുന്നെങ്കിലും ആയതിനുള്ള അവസരം ഒന്നാം എതിർകക്ഷി നൽകിയില്ലായെന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവ ശ്യപ്പെട്ടത് താഴെപ്പറയുന്ന വിവരങ്ങളാണ്:

i) കോഴിക്കോട് സർവ്വകലാശാല നടത്തിയ ബിഎ മലയാളം (വിദൂര വിദ്യാഭ്യാസം) 2015 അഡ്മിഷൻ വിദ്യാർത്ഥികളുടെ മൂന്നാം സെമസ്റ്റർ പരീക്ഷയിൽ MAL 3A09 മലയാള സാഹിത്യം-3 എന്ന പേപ്പറിന് SKAPAMA056 എന്ന രജിസ്റ്റർ നമ്പരിൽ പരീക്ഷയെഴുതിയ ശരത്ചന്ദ്രൻ.എം.എസ്. എന്ന വിദ്യാർത്ഥി ഇന്റേണൽ പരീക്ഷക്ക് നേടിയ മാർക്ക് എത്രയെന്നും

ii) 1-ാം ചോദ്യത്തിൽ പരാമർശിച്ചിരിക്കുന്ന ഉത്തരകടലാസിന്റെ സാക്ഷ്യ പ്പെടുത്തിയ പകർപ്പ്, ബന്ധപ്പെട്ട ചോദ്യ പേപ്പറിന്റെ പകർപ്പ് എന്നിവ നൽകണമെന്നും മൂല്യ നിർണ്ണയത്തിന് അടിസ്ഥാനമാക്കിയ ശരി ഉത്തര സൂചികയുടെ പകർപ്പ് നൽകണമെന്നുമാണ്.

മേൽപ്പടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. മേൽപ്പടി മറുപടിയിൽ ഹർജിക്കാരന്റെ അപേക്ഷയിലെ ഒന്നാം ഇനത്തിൽ ആവ ശ്യപ്പെട്ട വിവരം നൽകുകയും രണ്ടാം ഇനം സംബന്ധിച്ച് അറിയിച്ചത് പുനർ മൂല്യ

RIGHT TO INFORMATION

നിർണ്ണയത്തിനുള്ള അപേക്ഷയോടൊപ്പം നിശ്ചിത ഫീസ് അടച്ച് അപേക്ഷിച്ചാൽ പുനർ മൂല്യ നിർണ്ണയത്തിനുശേഷം ഉത്തര കടലാസ്സിന്റെ പകർപ്പ് ലഭിക്കുന്നതാണെന്നും ചോദ്യപേപ്പറിന്റെ പകർപ്പ് അയച്ചു നൽകുന്നുവെന്നും മൂല്യ നിർണ്ണയത്തിന് അടിസ്ഥാനമായ ശരി ഉത്തര സൂചിക സർവ്വകലാശാല വെബ്സൈറ്റിൽ ലഭ്യമാണെന്നും മറ്റുമാണ്.

3. ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാന്റെ അപേക്ഷയിലെ 2-ാം ഇനത്തിൽ ആവശ്യപ്പെട്ട ഉത്തര കടലാസ്സിന്റെ പകർപ്പും ശരി ഉത്തര സൂചികയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പും ടിയാന് നൽകിയിട്ടില്ലായെന്നാണ്. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, സാധാരണയായി പുനർ മൂല്യ നിർണ്ണയ സമയത്ത് നിശ്ചിത ഫീസ് അടച്ച് അപേക്ഷിക്കുന്ന വിദ്യാർത്ഥികൾക്ക് മാത്രമേ ഉത്തര കടലാസ്സിന്റെ പകർപ്പ് നൽകാറുള്ളൂവെന്നും ഉത്തര കടലാസ്സ് എന്നത് വിവരാവകാശ നിയമ പ്രകാരം അപേക്ഷിക്കുമ്പോൾ നൽകാൻ പറ്റുന്ന രേഖ അല്ലാത്തതുകൊണ്ടാണ് ആയത് നൽകാതിരുന്നത് എന്നും നിശ്ചിത മാതൃകയിലുള്ള അപേക്ഷ നിശ്ചിത ഫീസ് അടച്ച് സർവ്വകലാശാല വിജ്ഞാപനം ചെയ്യുന്ന ദിവസത്തിനകം സമർപ്പിക്കുന്ന അപേക്ഷകർക്ക് ഉത്തര കടലാസുകളുടെ പകർപ്പു നൽകുന്ന പദ്ധതി സർവ്വകലാശാല നടപ്പാക്കിയിട്ടുണ്ടെന്നും അപ്പീൽ കക്ഷി പ്രസ്തുത അവസരം വിനിയോഗിച്ചിട്ടില്ലെന്നും വിവരാവകാശ നിയമ പ്രകാരം ഉത്തര കടലാസിന്റെ പകർപ്പ് നൽകാനാവില്ല എന്ന ഒന്നാം എതിർകക്ഷിയുടെ മറുപടി തൃപ്തികരമാണെന്നും ഉത്തര സൂചിക ലഭിക്കുന്ന സർവ്വകലാശാല വെബ്സൈറ്റിലെ ലിങ്ക് ഹർജിക്കാരനെ അറിയിച്ചതായി കാണുന്നില്ലായെന്നും ആയതിനാൽ ലിങ്ക് സംബന്ധിച്ച വിശദാംശങ്ങളും അത് പരിശോധിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും ഹർജിക്കാരനെ അറിയിക്കേണ്ടതാണെന്നും മറ്റുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങളിൽ ടിയാന്റെ ഉത്തരകടലാസിന്റെ പകർപ്പും ശരി ഉത്തര സൂചികയുടെ പകർപ്പും ടിയാന് നൽകിയിട്ടില്ലായെന്നു കാണുന്നു. ഹർജിക്കാരൻ ആവശ്യപ്പെട്ട ഉത്തരകടലാസിന്റെ പകർപ്പു ടിയാന് എതിർകക്ഷികൾ നിഷേധിച്ചത് ബന്ധപ്പെട്ട സർവ്വകലാശാല നടപടി ക്രമം ചൂണ്ടിക്കാട്ടിയാണെന്നു കാണുന്നു. ആയത് വിവരാവകാശ നിയമ പ്രകാരം അംഗീകരിക്കുവാൻ നിർവ്വാഹമില്ല. ഹർജിക്കാ

രൻ ആവശ്യപ്പെട്ട രേഖ എതിർകക്ഷി ഓഫീസിൽ ലഭ്യമായിരുന്ന അവസരത്തിൽ വിവരാവകാശ നിയമ പ്രകാരം അപേക്ഷ നൽകിയപ്പോൾ ആയത് എത്ര പേജുകളിലായി അടങ്ങിയിരിക്കുന്നുവെന്നും എത്ര രൂപ ഫീസ് ഒടുക്കണമെന്നും ഹർജിക്കാരനെ വിവരാവകാശ നിയമ പ്രകാരം അറിയിക്കേണ്ടതായിരുന്നു. വിവരാവകാശ നിയമം നിലവിൽ വന്ന ശേഷം വിവരാവകാശ നിയമത്തിലെ വ്യവസ്ഥകൾ മറ്റു നിയമങ്ങളെയും ഉത്തരവുകളെയും മറി കടക്കുന്നതാണ്. ആയതിനാൽ ഹർജിക്കാരൻ ആവശ്യപ്പെട്ട ഉത്തര കടലാസിന്റെ പകർപ്പ് ടിയാന് വിവരാവകാശ നിയമ പ്രകാരം എതിർ കക്ഷികൾ നൽകേണ്ടതായിരുന്നു. ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിക്കെതിരെ വിവരാവകാശ നിയമത്തിലെ 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയതു ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതാണ്.

5. ഹർജിക്കാരൻ ആവശ്യപ്പെട്ട ഉത്തരകടലാസിന്റെ പകർപ്പ് ടിയാന് നൽകിയിട്ടില്ലാത്തതിനാൽ ആയത് ഈ ഉത്തരവ് കൈപ്പറ്റി 25 ദിവസങ്ങൾക്കകം സൗജന്യമായി അയച്ചു നൽകണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. തെറ്റായ വിവരങ്ങൾ ചൂണ്ടിക്കാട്ടിയാണ് ഹർജിക്കാരന് ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ നിരസിച്ചതെന്നും കാണുന്നു. ആയത് ഹർജിക്കാരന് അനാവശ്യ കഷ്ടനഷ്ടങ്ങൾ ഉണ്ടാക്കിയതായും ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ പരാതിപ്പെട്ടിരിക്കുന്നതിനാൽ വിവരാവകാശ നിയമത്തിന് വിരുദ്ധമായി ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖ ടിയാന് നൽകാത്തതുമൂലം ഹർജിക്കാരനുണ്ടായ നഷ്ട പരിഹാരം വിവരാവകാശ നിയമത്തിലെ 19(8)(ബി) വകുപ്പു പ്രകാരം എന്തുകൊണ്ട് കോഴിക്കോട് സർവ്വകലാശാലയിൽ നിന്നും ഈടാക്കേണ്ടതില്ല എന്നതു സംബന്ധിച്ച് നിലവിലെ രണ്ടാം എതിർകക്ഷി ടിയാന്റെ വിശദീകരണം കമ്മീഷൻ മുമ്പാകെ ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസങ്ങൾക്കകം ഹാജരാക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു വിശദീകരണവും ലഭിച്ചിട്ടില്ലെങ്കിൽ ടി എതിർകക്ഷിക്ക് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പ് പ്രകാരമുള്ള അന്തിമ ശിക്ഷാ ഉത്തരവ് പുറപ്പെടുവിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക്

കമ്മീഷൻ മുമ്പാകെ നേരിൽക്കണ്ട് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ അക്കാര്യം ടിയാന്റെ വിശദീകരണത്തിൽ പ്രത്യേകം സ്പഷ്ടമാക്കേണ്ടതാണ്.

7. ഹർജിക്കാരന്റെ അപേക്ഷയിലെ 2-ാം ഇനത്തിൽ ആവശ്യപ്പെട്ട ശരി ഉത്തര സൂചികയുടെ പകർപ്പ് ബന്ധപ്പെട്ട വെബ്സൈറ്റിൽ ലഭ്യമായിരുന്നില്ലായെന്ന് ഹർജി ക്കാരൻ അപ്പീൽ അപേക്ഷയിൽ ചൂണ്ടിക്കാട്ടിയ അവസരത്തിൽ ആയതിന്റെ പകർപ്പ് ഹർജിക്കാരന് അയച്ചു നൽകേണ്ടതായിരുന്നു. മേൽപ്പടി ഉത്തര സൂചികയുടെ പകർപ്പും ഈ ഉത്തരവ് കൈപ്പറ്റി 25 ദിവസങ്ങൾക്കകം ഹർജിക്കാരന് സൗജന്യമായി അയച്ചു നൽകണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

8. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 ജനുവരി 13-ാം തീയതി കമ്മീഷൻ താത്ക്കാലികമായി തീർപ്പാക്കുന്നു.

ഒപ്പ്

വിൻസൻ എം. പോൾ

മുഖ്യ വിവരാവകാശ കമ്മീഷണർ

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

അഡീഷണൽ സെക്രട്ടറി(നിയമം)

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM